പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 552 | 13-10-2026-ൽ മറുപടിയ്ക്ക്

**കുന്ദമംഗലം മണ്ഡലത്തിലെ കുറ്റിക്കാട്ടൂർ കേന്ദ്രീകരിച്ച് പുതിയ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. എം. എ. റസാഖ് മാസ്റ്റർ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** കുന്ദമംഗലം മണ്ഡലത്തിലെ കോവൂർ, കുന്ദമംഗലം കെ.എസ്.ഇ.ബി. സെക്ഷനുകളിലെ ജനബാഹുല്യവും ഉപഭോക്താക്കളുടെ അമിത വർദ്ധനവും കാരണം വൈദ്യുതി വിതരണത്തിലും പരാതി പരിഹരിക്കുന്നതിലും നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് .

**(ബി)** പ്രസ്തുത യാത്രാ-സേവന പ്രയാസങ്ങൾക്ക് പരിഹാരമായി കുറ്റിക്കാട്ടൂർ കേന്ദ്രീകരിച്ച് പുതിയ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് അനുവദിക്കണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** കുറ്റികാട്ടൂർ കേന്ദ്രീകരിച്ച് പുതിയ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനം ബോർഡിന്റെ പരിഗണനയിലാണ്.

കുറ്റികാട്ടൂർ പുതിയ സെക്ഷൻ രൂപീകരണവുമായി ബന്ധപ്പെട്ട് കോവൂർ, കുന്ദമംഗലം, പെരുമണ്ണ സെക്ഷൻ പരിധിയിൽ പഠനം നടത്തി ഒരു പ്രാഥമിക റിപ്പോർട്ട് ഡിവിഷൻ തലത്തിൽ പരിശോധിച്ച് വരുന്നു. റിപ്പോർട്ടിലെ പ്രസക്ത ഭാഗങ്ങൾ താഴെ സൂചിപ്പിക്കുന്നു.

വർധിച്ച ഉപഭോക്താക്കളുടെ എണ്ണവും ഇലക്ട്രിക്കൽ നെറ്റ്‌വർക്കിന്റെ ബാഹുല്യവും പ്രദേശത്തിന്റെ ഭൂമിശാസ്ത്ര പരമായ പ്രത്യേകതകളാലും, കോവൂർ സെക്ഷനു ഉപഭോക്തൃസേവനം സമയബന്ധിതമായി നടത്തുന്നതിന് പ്രയാസം നേരിടുന്നതായി വിലയിരുത്തുന്നു. കോവൂർ ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും 9517 ഉപഭോക്താക്കളും 35 ട്രാൻസ്ഫോർമറുകളും അനുബന്ധ HT, LTലൈനുകളും, പെരുമണ്ണ സെക്ഷനിലെ 15 ട്രാൻസ്ഫോർമറുകളും അനുബന്ധ ലൈനുകളും, പുതിയതായി രൂപീകരിക്കുന്ന സെക്ഷനിലേക്ക് മാറ്റാവുന്നതാണ് .

കൂടാതെ കുന്നമംഗലം സെക്ഷനിലെ എകദേശം 3500 ഉപഭോക്താക്കളെയും, കുറ്റികാട്ടൂർ സബ് സ്റ്റേഷനിൽ നിന്ന് വൈദ്യുതി ലഭിക്കുന്ന കിഴക്കൻ മേഖലയെയും ഉൾപ്പെടുത്തി പുതിയ സെക്ഷൻ കുറ്റികാട്ടൂർ പ്രദേശത്ത് സ്ഥാപിക്കുന്നത് കുന്ദമംഗലം, കോവൂർ ഇലക്ട്രിക്കൽ സെക്ഷന്റെ ജോലി ഭാരവും ഭൂപരിധിയും കുറക്കുന്നതിനും തദ്വാര പരാതികൾ വേഗത്തിൽ പരിഹരിക്കുന്നതിനും മൂലധന, പരിപാലന പ്രവൃത്തികൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനും ഉപഭോക്തൃസേവനം മെച്ചപ്പെടുത്തുന്നതിനും സഹായിക്കും.

**(സി)** കുറ്റിക്കാട്ടൂർ പുതിയ സെക്ഷൻ രൂപീകരണവുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. അധികൃതർ പഠനമോ സർവേയോ നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

<u>**മറുപടി:**</u> കുറ്റികാട്ടൂർ കേന്ദ്രീകരിച്ച് പുതിയ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനം ബോർഡിന്റെ പരിഗണനയിലാണ്.

കുറ്റികാട്ടൂർ പുതിയ സെക്ഷൻ രൂപീകരണവുമായി ബന്ധപ്പെട്ട് കോവൂർ, കുന്ദമംഗലം, പെരുമണ്ണ സെക്ഷൻ പരിധിയിൽ പഠനം നടത്തി ഒരു പ്രാഥമിക റിപ്പോർട്ട് ഡിവിഷൻ തലത്തിൽ പരിശോധിച്ച് വരുന്നു. റിപ്പോർട്ടിലെ പ്രസക്ത ഭാഗങ്ങൾ താഴെ സൂചിപ്പിക്കുന്നു.

വർധിച്ച ഉപഭോക്താക്കളുടെ എണ്ണവും ഇലക്ട്രിക്കൽ നെറ്റ്‌വർക്കിന്റെ ബാഹുല്യവും പ്രദേശത്തിന്റെ ഭൂമിശാസ്ത്ര പരമായ പ്രത്യേകതകളാലും, കോവൂർ സെക്ഷനു ഉപഭോക്തൃസേവനം സമയബന്ധിതമായി നടത്തുന്നതിന് പ്രയാസം നേരിടുന്നതായി വിലയിരുത്തുന്നു. കോവൂർ ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും 9517 ഉപഭോക്താക്കളും 35 ട്രാൻസ്ഫോർമറുകളും അനുബന്ധ HT, LTലൈനുകളും, പെരുമണ്ണ സെക്ഷനിലെ 15 ട്രാൻസ്ഫോർമറുകളും അനുബന്ധ ലൈനുകളും, പുതിയതായി രൂപീകരിക്കുന്ന സെക്ഷനിലേക്ക് മാറ്റാവുന്നതാണ് .

കൂടാതെ കുന്നമംഗലം സെക്ഷനിലെ എകദേശം 3500 ഉപഭോക്താക്കളെയും, കുറ്റികാട്ടൂർ സബ് സ്റ്റേഷനിൽ നിന്ന് വൈദ്യുതി ലഭിക്കുന്ന കിഴക്കൻ മേഖലയെയും ഉൾപ്പെടുത്തി പുതിയ സെക്ഷൻ കുറ്റികാട്ടൂർ പ്രദേശത്ത് സ്ഥാപിക്കുന്നത് കുന്ദമംഗലം, കോവൂർ ഇലക്ട്രിക്കൽ സെക്ഷന്റെ ജോലി ഭാരവും ഭൂപരിധിയും കുറക്കുന്നതിനും തദ്വാര പരാതികൾ വേഗത്തിൽ പരിഹരിക്കുന്നതിനും മൂലധന, പരിപാലന പ്രവൃത്തികൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനും ഉപഭോക്തൃസേവനം മെച്ചപ്പെടുത്തുന്നതിനും സഹായിക്കും.

**(ഡി)** പ്രദേശവാസികളുടെ ദീർഘകാല ആവശ്യമായ കുറ്റിക്കാട്ടൂർ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് തത്വത്തിൽ അംഗീകരിച്ച് അടിയന്തരമായി അനുമതി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച വരുന്നത് എന്ന് വിശദമാക്കാമോ?

<u>**മറുപടി:**</u> കുറ്റികാട്ടൂർ കേന്ദ്രീകരിച്ച് പുതിയ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനം ബോർഡിന്റെ പരിഗണനയിലാണ്.

കുറ്റികാട്ടൂർ പുതിയ സെക്ഷൻ രൂപീകരണവുമായി ബന്ധപ്പെട്ട് കോവൂർ, കുന്ദമംഗലം, പെരുമണ്ണ സെക്ഷൻ പരിധിയിൽ പഠനം നടത്തി ഒരു പ്രാഥമിക റിപ്പോർട്ട് ഡിവിഷൻ തലത്തിൽ പരിശോധിച്ച് വരുന്നു. റിപ്പോർട്ടിലെ പ്രസക്ത ഭാഗങ്ങൾ താഴെ സൂചിപ്പിക്കുന്നു.

വർധിച്ച ഉപഭോക്താക്കളുടെ എണ്ണവും ഇലക്ട്രിക്കൽ നെറ്റ്‌വർക്കിന്റെ ബാഹുല്യവും പ്രദേശത്തിന്റെ ഭൂമിശാസ്ത്ര പരമായ പ്രത്യേകതകളാലും, കോവൂർ സെക്ഷനു ഉപഭോക്തൃസേവനം സമയബന്ധിതമായി നടത്തുന്നതിന് പ്രയാസം നേരിടുന്നതായി വിലയിരുത്തുന്നു. കോവൂർ ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും 9517 ഉപഭോക്താക്കളും 35 ട്രാൻസ്ഫോർമറുകളും അനുബന്ധ HT, LTലൈനുകളും, പെരുമണ്ണ സെക്ഷനിലെ 15 ട്രാൻസ്ഫോർമറുകളും അനുബന്ധ ലൈനുകളും, പുതിയതായി രൂപീകരിക്കുന്ന സെക്ഷനിലേക്ക് മാറ്റാവുന്നതാണ് .

കൂടാതെ കുന്നമംഗലം സെക്ഷനിലെ എകദേശം 3500 ഉപഭോക്താക്കളെയും, കുറ്റികാട്ടൂർ സബ് സ്റ്റേഷനിൽ നിന്ന് വൈദ്യുതി ലഭിക്കുന്ന കിഴക്കൻ മേഖലയെയും ഉൾപ്പെടുത്തി പുതിയ സെക്ഷൻ കുറ്റികാട്ടൂർ പ്രദേശത്ത് സ്ഥാപിക്കുന്നത് കുന്ദമംഗലം, കോവൂർ ഇലക്ട്രിക്കൽ സെക്ഷന്റെ ജോലി ഭാരവും

ഭൂപരിധിയും കുറക്കുന്നതിനും തദ്വാര പരാതികൾ വേഗത്തിൽ പരിഹരിക്കുന്നതിനും മൂലധന, പരിപാലന പ്രവൃത്തികൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനും ഉപഭോക്തൃസേവനം മെച്ചപ്പെടുത്തുന്നതിനും സഹായിക്കും.

**സെക്ഷൻ ഓഫീസർ**